8 (*342) തരിശുഭൂമിയിൽ കൃഷിചെയ്യാൻ പദ്ധതി

ശ്രീ. കെ. സുധാകരൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ. ബാബു :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തരിശ് ഭൂമിയും കൃഷി ചെയ്യാതെ കിടക്കുന്ന പ്രദേശങ്ങളും കൃഷിയ്ക്കുപയുക്തമാക്കാനുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കൃഷിയ്ക്ക് ഉപയുക്തമായ തരിശുഭൂമിയിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. ഇതനുസരിച്ച് സംസ്ഥാന പദ്ധതിപ്രകാരം 1250 ഹെക്ടർ പ്രദേശത്തും കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 270 ഹെക്ടർ പ്രദേശത്തും പുതുതായി കശുമാവ് കൃഷി വ്യാപനം നടത്തുന്നതാണ്. കൂടാതെ മുന്നാം വിളകാലത്ത് തരിശിടുന്ന നെൽക്കൃഷി പ്രദേശങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്ന പരിപാടിയും 'ഊർജ്ജിത പച്ചക്കറി വികസന പദ്ധതി' യുടെ ഭാഗമായി നടത്തുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന മുഴുവൻ പ്രദേശവും കൃഷിയ്ക്കുപയുക്തമാക്കുന്നതിന് ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് ഒരു കൃഷിനയം രൂപവൽക്കരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ നിയോഗിക്കപ്പെട്ട ഡോ. എം.എസ്. സ്വാമിനാഥൻ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുന്നതാണ്.

9 (*343) ബേഗൂർ റെയിഞ്ചിലെ വനംകൊള്ള

ശ്രീമതി എൻ.കെ. രാധ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ നോർത്ത് വയനാട് ഡിവിഷനിൽ ബേഗൂർ റെയിഞ്ചിൽ ബ്രഹ്മഗിരി എസ്റ്റേറ്റിനോട് ചേർന്നുകിടക്കുന്ന 500 ഏക്കർ വനഭൂമി കയ്യേറി ലക്ഷക്കണക്കിന് രൂപയുടെ മരങ്ങൾ കടത്തിക്കൊണ്ടുപോയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വനം കയ്യേറ്റവും മരംമുറിക്കലുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ; അന്വേഷണത്തിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പേരുവിവരം വെളിപ്പെടുത്തുമോ;

(സി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും ശിക്ഷണ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly